(എ) ശ്രീ. വയലാർ രവിയുടെ മകൻ ഗുരുവായൂർ ക്ഷേത്രദർശനം നടത്തിയതിന്റെ പേരിൽ പുണ്യാഹം നടത്താൻ ഗുരുവായൂർ ദേവസ്വം മുൻ ചെയർമാൻ 1500 രൂപ അടയ്ക്കുകയുണ്ടായോ;

(ബി) ഇപ്രകാരം പുണ്യാഹം നടത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പുണ്യാഹം നടത്തുവാൻ നിർദ്ദേശിച്ച ക്ഷേത്രം തന്ത്രിയുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഗുരുവായൂർ ദേവസ്വം മുൻ ചെയർമാൻ തുകയൊന്നും അടയ്ക്കുകയുണ്ടായില്ല.

(ബി) ക്ഷേത്രം തന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് പുണ്യാഹം നടത്തിയത്.

(സി) നിലവിലുള്ള നിയമം അനുസരിച്ച് നടപടി എടുക്കാൻ നിർവാഹമില്ല.

ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ നമ്പരുകൾ താഴെ ചേർക്കുന്നു.

372, 398, 415, 434, 437, 438, 440, 441, 442, 443, 444, 445, 446, 447, 448, 449, 450, 451, 452, 454, 455, 457, 458, 462, 469, 470, 471, 472, 473, 474, 475, 476, 477, 478, 479, 480, 481, 482, 483, 484, 485, 486, 487, 488, 489, 490, 490, 491, 492, 493, 494, 495, 496, 497, 498, 499, 500, 501, 502, 503.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

II. തിരുത്തൽ പ്രസ്താവന

8-3-2000 ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1095 ന്റെ ഉത്തരം

[9.30 AM] മി. സ്പീക്കർ : ഒരു തിരുത്തൽ സ്റ്റേറ്റ്മെന്റുണ്ട്....ബഹളം....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 8.3.2000 ലെ നക്ഷത്രചിഹ്നമിടാത്ത 1095-ാം നമ്പർ ചോദ്യത്തിനു നൽകിയിരുന്ന ഉത്തരത്തിൽ 'ബി' പിരിവിനു നൽകിയ മറുപടിയിൽ, തിരുത്തൽ വരുത്തിക്കൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.....ബഹളം.....

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യോത്തരവേള എന്നു പറഞ്ഞാൽ അംഗങ്ങൾക്ക് വിവരങ്ങൾ ശേഖരിക്കാൻ വേണ്ടിയുള്ള സഭയുടെ ഏറ്റവും പ്രധാനപ്പെട്ട സന്ദർഭമാണ്. ആ സന്ദർഭം ആ അർത്ഥത്തിൽ ആ സ്പിരിറ്റോടുകൂടി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. പിന്നെ അക്കൂട്ടത്തിൽ ചില പരാമർശങ്ങളുമൊക്കെ വന്നുപോകും. അത് പലപ്പോഴും വരാറുണ്ട്. പ്രധാനപ്പെട്ട ഉദ്ദേശ്യവും ചോദ്യങ്ങൾ ചോദിക്കുന്നതു തന്നെയാണ്. ഈ ചോദ്യങ്ങൾ എഴുതി ചോദിച്ചുകഴിഞ്ഞാൽ അതിന് കൃത്യമായ മറുപടി തന്നെയാണ് സഭയിൽ നൽകേണ്ടതായിട്ടുള്ളത്. സപ്ളിമെന്ററി ചോദ്യങ്ങൾ ചോദിക്കുമ്പോൾ ചിലപ്പോൾ അതിന്റെ പരിധിവിട്ട് പോകാറുണ്ട്. എന്നാലും അത് പരമാവധി ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്. ചോദ്യങ്ങൾക്ക് മന്ത്രിമാർ ഏതു രൂപത്തിൽ മറുപടി പറയണമെന്ന് ചെയറിനു നിർബന്ധിക്കാനാകില്ല. പക്ഷെ മന്ത്രിമാർ മറുപടി പറയുന്നത് ചോദ്യങ്ങൾക്ക് തന്നെയാകണം. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഹൈപ്പോത്തിസീസായിട്ട് ഡിബേറ്റിന്റെ ഭാഗമായി ചോദിച്ചാൽ ഫാക്ചലായിട്ട് മറുപടി പറയാൻ കഴിഞ്ഞുവെന്നുവരില്ല. ഇപ്പോൾ പ്രതിപക്ഷനേതാവ് ഇവിടെ നടന്ന ചർച്ചയിൽ ഉൽഭൂതമായ ചോദ്യമാണ് ചോദിച്ചത്. ആ ചോദ്യത്തിന് മന്ത്രി ആ രൂപത്തിലല്ല മറുപടി പറഞ്ഞത്. ഒരു തവണ പറഞ്ഞു, രണ്ടു തവണ പറഞ്ഞു, മൂന്നു തവണ പറഞ്ഞു, അതു തന്നെയാണ് അദ്ദേഹം മറുപടി പറയുന്നത്. പിന്നേയും ആവർത്തിച്ചിട്ട് കാര്യമില്ല. അത് ഇങ്ങനെയാകണമെന്ന് ഇൻസിസ്റ്റ് ചെയ്യാനും ചെയറിനാകില്ല. അത് പരസ്പരം മനസ്സിലാക്കണം. ചോദ്യം ചോദിക്കുന്നത് അദ്ദേഹത്തിന്റെ പ്രതികരണത്തിനുവേണ്ടി, അല്ലെങ്കിൽ മറുപടിയ്ക്കുവേണ്ടിയാണ്. അതു ചോദിച്ചുകഴിഞ്ഞാൽ അദ്ദേഹത്തിനു മനസ്സിലായില്ലെങ്കിൽ അത് വീണ്ടും ആവർത്തിക്കാം; അല്ലാതെ അതിൽ തന്നെ നിന്നാൽ ചെയറിനു അതിനൊരു തീരുമാനമെടുക്കാൻ ബുദ്ധിമുട്ടാകും.....(ബഹളം).....അദ്ദേഹം ബാങ്കിന്റെ കാര്യമാണ് ചോദിച്ചത്, എൽ.ഐ.സി യുടെ കാര്യമാണ് മന്ത്രി മറുപടി പറഞ്ഞത്. ഇതും രണ്ടും രണ്ടാണ്. ചോദ്യത്തിനല്ല മറുപടി. ദയവുചെയ്ത് സഹകരിക്കുക.

III. അടിയന്തിര പ്രമേയം

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയകൊലപാതകങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ. റൂൾ 50 രാഷ്ട്രീയ മേൽക്കോയ്മക്കുവേണ്ടി കണ്ണൂർ ജില്ലയിലുടനീളം, പ്രത്യേകിച്ചും പാനൂർ-തലശ്ശേരി മേഖലയിൽ നടന്നുവരുന്ന കൊലപാതകങ്ങൾ, മറ്റ് അനിഷ്ട സംഭവങ്ങൾ എന്നിവയാൽ പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുധാകരൻ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. മാമ്മൻ മത്തായി, പ്രൊഫ. എ.വി. താമരാക്ഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിനു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തലശ്ശേരി താലൂക്കിലെ പാനൂർ, കൂത്തുപറമ്പ് മേഖലയിൽ ഡിസംബർ മാസം ആദ്യവാരം രാഷ്ട്രീയ സംഘട്ടനങ്ങളും അതോടനുബന്ധിച്ച് കൊലപാതകങ്ങളും ഉണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ഡിസംബർ ഒന്നാം തീയതി പാട്യം, കൊട്ടിയോടിയിൽ വച്ച് രാജേഷ്, സനൽ എന്നീ സി.പി.എം പ്രവർത്തകരെ ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകർ നാടൻ ബോംബുകളും, സോഡാക്കുപ്പികളുമുപയോഗിച്ച് ആക്രമിച്ചു പരിക്കേൽപ്പിച്ചു എന്നാണ് റിപ്പോർട്ട്. രണ്ടുപേരെയും തലശ്ശേരി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അന്നേ ദിവസം രാത്രിയിൽ ജാഥ കഴിഞ്ഞ് തിരിച്ചുവരികയായിരുന്ന ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകരും സി.പി.എം പ്രവർത്തകരും പരസ്പരം കല്ലേറ് നടത്തിയതിന്റെ ഫലമായി രണ്ടു വിഭാഗത്തിലും പെട്ട 9 പേർക്ക് പരിക്കേറ്റു. ഡിസംബർ രണ്ടാം തീയതി കൂത്തുപറമ്പിലെ പാലപറമ്പിൽ വച്ച് ദാസൻ എന്ന സി.പി.എം പ്രവർത്തകനെ ബി.ജെ.പി പ്രവർത്തകർ അക്രമിച്ചു പരിക്കേൽപ്പിച്ചു. അന്നു വൈകുന്നേരം അഞ്ചര മണിയോടെ ഒരു പൊതു പരിപാടി കഴിഞ്ഞുവരികയായിരുന്ന മുൻ എം.എൽ.എ യും സി.പി.ഐ(എം) ജില്ലാ സെക്രട്ടറിയുമായ ശ്രീ. ഇ.പി. ജയരാജൻ കൂത്തുപറമ്പ് എം.എൽ.എ ശ്രീമതി കെ.കെ.ശൈലജ ടീച്ചർ എന്നിവർ യാത്ര ചെയ്തിരുന്ന കാറുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

ടി. ശിവദാസമേനോൻ
ധനകാര്യ വകുപ്പുമന്ത്രി.

സർ,

പത്താം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ 8.3.2000-ൽ നക്ഷത്ര ചിഹ്നമിടാത്ത 1845-ാം നമ്പർ ചോദ്യത്തിന്റെ 'ബി' വിഭാഗത്തിന് നൽകിയിരുന്ന ഉത്തരത്തിൽ പിശക് കടന്നുകൂടിയിരുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.

തിരുത്തിയ മറുപടി

8.3.2000-ന് നിയമസഭയിൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 1845 (ബി) വിഭാഗത്തിന്റെ തിരുത്തിയ മറുപടി ചുവടെ ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഇപ്പോൾ എന്തുതുകയ്ക്കുള്ള വായ്പ സംസ്ഥാനത്തിനകത്ത് നൽകിയിട്ടുണ്ട്?

1999 സെപ്തംബറിലെ കണക്കനുസരിച്ച് കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽനിന്നും (ദേശസാൽകൃത ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും) 9981.4 കോടി രൂപ സംസ്ഥാനത്തിനകത്ത് വായ്പ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly